
# ഡിജിറ്റൽമാഗസിൻ



## എസ്സ് എൻ  ട്രസ്റ്റ്സ് എച്ച് എസ്സ്
## തോട്ടട
## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
## 2018-19


ഭൂമിക

# എഡിറ്റോറിയൽ ബോർഡ്

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
## &
## കൈറ്റ്മിസ്ട്രസ്സ്





# ആമുഖം

മാനവ പുരോഗതി അതിന്റെ മഹനീയ രൂപം പൂണ്ട് വിശ്വംകീഴടക്കുന്ന കാഴ്ച ശ്വാസം അടക്കി ലോകം കണ്ടുകൊണ്ടിരിക്കുയാണ്. അനുനിമിഷം വളരുന്ന വിവരസാങ്കേതിക വിദ്യകൾ പ്രപഞ്ചത്തെ മനുഷ്യന്റെ വിരൽതുമ്പിലേക്ക് ചുരുക്കുന്നു.അറിവും കഴിവും ഭാവനയും ഒത്തുചേർത്ത് മനുഷ്യൻ ത്രിശങ്കുസ്വർഗ്ഗങ്ങൾ പണിയുമ്പോൾ ലോകത്തെ മനനം ചെയ്യാൻ കഴിവുള്ള മനുഷ്യന്റെ മാനസിക മൂല്യങ്ങൾക്ക് ശോഷണം സംഭവിക്കുന്നു. അത് ജീവിക്കാൻ അർഹതയുള്ള മുഴുവൻ സഹജീവികളെയും നാശത്തിന്റെ വക്കിലെത്തിക്കുന്നു. ഇതിൽ നിന്ന് പുനർവിചിന്തനത്തിലൂടെയുള്ള അതിജീവനം എന്നനിലയിൽ കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ വിവരസാങ്കേതിക വിദ്യയിലൂടെ പ്രകടിപ്പിക്കാൻ ഈ മാസികയിലെ രചനയിലൂടെ സാധ്യമാകും എന്ന് നമുക്ക് പ്രത്യാശിക്കാം.

## ഭൂമിക



## ഉള്ളടക്കം


കവിതകൾ.....6

ബാല്യം.....6

പ്രളയകാലം.....8

അതിർവരമ്പുകൾ.....10

DISTORTED DESTINY.....11

NATURE'S TEARS.....13

കഥകൾ.....14

സ്നേഹസമ്മാനം.....14

മാതൃസ്നേഹം.....17

വിധിയുടെ കാൽപ്പാടുകൾ.....20

അമ്മ.....23

പഴം ചൊല്ലുകൾ.....26

നാടകം.....27

തലക്കറി.....27

ലേഖനം.....36

.....36

EDUCATION.....36

UNDERSTANDING THE SELF EXPRESSION IN SELECT TRANSGENDER TEXTS.....38

മരം ഒരു വരം.....41

ചിത്രങ്ങൾ.....42

കടത്തുകാരൻ.....42

കാനന ഭംഗി.....43

ഗ്രാമീണ ജീവിതം.....44

# കവിതകൾ

## ബാല്യം



സിങ്ത ഹരിദാസ്
10B

കൺപോള മെല്ലെ അടഞ്ഞൊരാ നേരം
മുളച്ചുവെൻ സ്വപ്നത്തിൽ ഒരുജോടിചിറകുകൾ,
ചിറകുകൾ വീശിപറന്നു ഞാൻമെല്ലേ.
സ്വപ്നത്തിൽ ലോകത്തിൻ കാഴ്ചകൾ കാൺവാൻ
കണ്ടു ഞാനെല്ലാം കാണാൻകൊതിച്ചൊരാ
കാര്യങ്ങളൊക്കെയും കണ്ടു ഞാൻ ഇന്നു
അമ്മയിൽ നിന്നുവേർപ്പെട്ട ദിനവും
അമ്മതൻ മാറൊട്ടുചേർന്നൊരാനിമിഷവും
നിമിഷങ്ങൾമെല്ലേ കടന്നു ബാല്യത്തിന്റെ
നൊമ്പരം ചാലിച്ച കുസൃതിയും കണ്ടു
വിദ്യാലയത്തിലെ ആദ്യദിനം കണ്ടു
വിദ്യപകർന്നൊരാ ഗുരുക്കരെ കണ്ടു
ആദ്യമായ് കൈകോർത്ത മിത്രത്തെയും
സ്മൃതിതൻ മറവിലെ ബാല്യവും കണ്ടു

ഇന്നു ഞാൻ യൗവനപാതയിൽ നിൽക്കുമ്പോൾ
വീണ്ടും കൊതിക്കുന്നു ബാല്യത്തിലെത്താൻ
ബാല്യമേ നീയൊരു സുന്ദരസ്വപ്നം
സുന്ദരമായൊരു സുന്ദരസ്വപ്നം.

# പ്രളയകാലം

നന്ദന
10 എ



ഓരോ നിശ്വാസത്തിലും
ഞാനറിഞ്ഞു മാനവരാശി-
യുടെ ആയുസ്സിൻ നീളം
മനുഷ്യക്രൂരത സഹിക്കുവാ-
നാകാതെ പ്രകൃതിവീർപ്പു-
മുട്ടി പിന്നീട് ഏറ്റുമുട്ടി
ആ ഏറ്റുമുട്ടലിൽ വീണ
ജീവിതങ്ങൾ പലതും,
കടലാഴങ്ങളിൽ വല-
യെറിയുന്ന കടലമ്മതൻ
മക്കൾ കൈപിടിച്ചു ക-
യറ്റിക്കിട്ടിയ ജീവിതംകൺ-
തുറന്നനെടുവീർപ്പിട്ടു
രാഷ്ട്രീയം, ജാതിമതഭേദമ-
ന്യേ പരസ്പരം ഊന്നുവടി-
യായി സഹായിച്ചു ബുക്ക-
തൊടാത്ത ഫേസ്ബുക്ക-
ക്കൂട്ടുകാരുടെ തുണയിൽ
കാലന്റെ കയറിന്റെ
അറ്റത്തിൽ നിന്നു
രക്ഷപ്പെട്ട ജീവിതക്കോല-

ങ്ങൾ,സഹായത്തിനായി
നീട്ടിവിളിച്ചപ്പോൾ കേൾ-
ക്കാതെ ജലാസനത്തിൽ
മുങ്ങിയിരുന്നയീശ്വരന്മാർ,
പക്ഷേ അവർ സംതൃപ്തരാണ്
കാരണം മനുഷ്യമനസ്സിൽ നിന്ന്-
ഞാനെന്ന ചിന്തപിന്മാറിയിരിക്കുന്നു
ഇന്നലെകൾ ഓർമ്മകളായി
നാളെകൾ പ്രതീക്ഷകളുമായി-
യൊരു പ്രളയകാലം മറയുകയായി.

# അതിർവരമ്പുകൾ

അനനന്ദ പി

8 B

എണ്ണിയാലൊടുങ്ങാത്ത ഓർമ്മകൾ
കളിവാക്കുകൾ.........നൊമ്പരങ്ങൾ
ഹൃദയത്തിൽ ആഴ്ന്നിറങ്ങും
മുറിപ്പാടുകൾ

ഓർമ്മകളെ നിങ്ങൾ ഭേദിച്ചുവോ ...
നിങ്ങൾതൻ അതിർ വരമ്പുകൾ
വിഷക്കറപൂണ്ട ആയുധധാരിയായ്
എന്തിനായ് നിന്റെയീ അട്ടഹാസം

വേണ്ട വേണ്ട ഹേ മടങ്ങൂ...
നിങ്ങൾ തൻ മാളങ്ങളിൽ
സ്വസ്ഥമായൊന്നുറങ്ങട്ടെ ഞാൻ
ഒരുങ്ങട്ടെ ഒരുപുതുജീവിതത്തിനായ്

# DISTORTED DESTINY

ATHENA SHANVI

**VIII. A**

I'm like a lonely star in a galaxy,
I'm alone in all my way
I just keep everyone away;
I only need my shadow nearby,
Who is just like my inner eye
Who sees everything,
but says nothing.
I weep each and every time,
Seeing those flowers all the time
'cause it's just like my mother
Or some another
Who had made me alone
After my last call.

I'm bold of myself of what I am.
I hide my feelings just like a shelf
Sometimes it may be full,
It may burst with a single pull.
The winter season has arrived,
Now, keep your face up
And hear the stormy wind.
It bites on my cheeks
But it doesn't hurt me that much,
Like the cry of the leaves in the Artic
As the cry of my mother who's sick.

Hey! Is that you little foxy
Who splashes the snow
With your bushy tail?
See that falling star,

Oh! It has also gone.
My last wish is to see my mother
But it is now impossible.
It’s cold, colder, colder than ever
I sat down near the fire
Joy has already retread
In my whole life without my mother.

Oh! My dear father…
Where are you?
I’m still waiting for you.
Ehh…Have you also vanished
Just like these flowers,
Who smiled at me till yesterday?
Don’t know what happened to them today.
Oh.. How beautiful they were!
The hills are adorned with white lace
The sun has come out with his rays.
The lazy children are not yet waken.
They are now inside their blankets,
Just like my mother,
Who is sleeping on her flowery bed.

Now I’m not alone,
‘cause I’m here with my friends,
The snow, the fox and everyone else.
Whenever I think of my mother
The thoughts hit me
Like the waves hitting on the rocks.
Now I’m here with the cluster of stars
It’s the role of destiny
To which I agree to.
There in the court of the God,
In the heaven where my mother is.
My prayers still unanswered in any case.

# NATURE'S TEARS

ANAMIKA

9 A

"I am the creation of God
I make the world beautiful
I give food and shelter to all animals and plants
I may cause harm too"......

"I may be a rock ,a mountain ,a cloud
And all the things of nature
I attract every one towards me ,
Thats what I do".....

"But now my tears are falling ,"
As people are destroying me for their needs.
But I have my last request ,

**"CHILDREN, PLEASE DON'T KILL ME!".**

# കഥകൾ

## സ്നേഹസമ്മാനം

**അമേയ**

10 A

ബസ്സിന്റെ ഒച്ചത്തിലുള്ള നിലവിളി കേട്ടാണ് അന്ന ഉണർന്നത്. അതെ അവൾ യാത്രപോകുകയാണ്.കുറെ കാലത്തിന് ശേഷംതന്റെ ഭർത്താവിന്റെ വീട്ടിലേക്ക്. ഇത്രയും എഴുതിയ ശേഷം ഗൗരിയുടെ പേന ചലിച്ചില്ല. ഒരു മാസികയ്ക്കായി അവൾ കഥ എഴുതുകയാണ്. അത് ഒരു വെറും കഥയല്ല മറിച്ച് ഗൗരിയുടെ ജിവിതാനുഭവമാണ്. ഒരു സ്നേഹസമ്മാനത്തിന്റെ കാത്തിരിപ്പിന്റെ കഥ. അതിൽ അന്ന വെറും കഥാപാത്രം. ഗൗരി പയ്യെപയ്യെ ഓർമകളിലേക്ക് ആഴ്ന്നിറങ്ങി.

നാലുകെട്ട് വീടിന്റെ ജനലഴികളിൽ പിടിച്ച് ഗൗരി ഇരുന്നു. മുട്ടോളമുള്ള മുടി കാറ്റിൽ പാറിക്കൊണ്ടിരുന്നു. മഴയുടെ ചാറലും കണ്ണീരും കൊണ്ട് അവളുടെ മുഖം നനഞ്ഞ് തുടുത്തിരുന്നു. കണ്ണീരുനിറഞ്ഞ അവളുടെ കണ്ണുകളുടെ നോട്ടം മുറ്റത്തേക്ക് തന്നെയായിരുന്നു. അവൾ കാത്തിരിക്കുകയായിരുന്ന തന്റെ ഭർത്താവിനായി, സ്നേഹസമ്മാനത്തിനായി. പെട്ടെന്ന് അവളുടെ പ്രതീക്ഷകൾക്കുണർവേകി ഒരു കാർ മുറ്റത്തക്ക് പാഞ്ഞുവന്നു. ഗൗരി സന്തോഷത്തോടെ പൂമുഖത്തേക്ക് ഓടി വന്നു. അത് അവളുടെ ചേട്ടനായിരുന്നു. അവൾ വീണ്ടും നിരാശയിൽ മുഴുകി തന്റെ മുറിയിലേക്ക് ചെന്ന് കട്ടിലിൽ കിടന്നു. അവൾ തന്റെ കാത്തിരിപ്പിന്റെ കാരണത്തെക്കുറിച്ച് ആലോചിച്ചിരുന്നു.

കേഡറ്റ് രാഹുൽ അയാളാണ് ഗൗരിയുടെ ഭർത്താവ് അവർ പ്രേമിച്ചാണ് വിവാഹം കഴിച്ചത്. അതുകൊണ്ട് തന്നെ രാഹുലിന്റെ വീട്ടുകാരും അവരും തമ്മിൽ അത്ര ചേർച്ചയിലല്ല പോയിരുന്നത്. അതിനാൽ രാഹുൽ ഗൗരിയുമായി ഒരുനാലുകെട്ട് വീട്ടിൽതാമസമാക്കി. വിവാഹത്തിന് മുൻപേ പട്ടാളത്തിൽ ചേർന്ന രാഹുലിന് ഗൗരിയെ വീട്ടിൽ തനിച്ചാക്കി പോകാൻ മനസ്സില്ലായിരുന്നു. എന്നാൽ ഭാവികാര്യമോർത്ത് അയാൾ തിരിച്ചുപോകാൻ തയ്യാറായി, ഗൗരിക്ക് അത് വല്ലാത്തൊരു വിഷമമായി.അവളെ സമാധാനിപ്പിക്കാനായി തിരിച്ച് വരുമ്പോൾ ഞാനൊരു സ്നേഹസമ്മാനം തരാമെന്ന് ഉറപ്പുനൽകിയശേഷമാണ് രാഹുൽ മടങ്ങിപ്പോയത്. അതിനുശേഷമാണ് രണ്ട് രാജ്യങ്ങൾ തമ്മിൽ യുദ്ധമുണ്ടായതും ആ യുദ്ധത്തിന് ശേഷം ഗൗരിക്ക് രാഹുലിന്റെ ഫോൺ കോളുകൾ വരാതായതും. അങ്ങനെ തുടങ്ങിയ കാത്തിരിപ്പാണിത്.

ഡും....ഡും അമ്മ വന്ന് വാതിലിൽ മുട്ടി, അവൾ കിടത്തത്തിൽ നിന്നുണർന്ന് ചോദിച്ചു, എന്താഅമ്മേ ? ചോറ് കഴിക്കാൻ വാ, എന്ന് അമ്മ പറഞ്ഞു, അവൾ വാതിൽ തുറന്നുകൊണ്ടു പറഞ്ഞു എനിക്ക് വേണ്ട , അങ്ങനെ പറഞ്ഞാൽ പറ്റില്ല, എന്ന് അമ്മയും.ഒടുവിൽ അമ്മയുടെ നിർബന്ധപ്രകാരം അവൾ ഭക്ഷണം കഴിക്കാൻ മേശയ്ക്കരികിൽ വന്നു.പെട്ടെന്നൊണ് ചേട്ടൻ വിനയ് വന്ന് ടി വി ഓൺചെയ്യ്തത്. ടി.വിയിലെ പ്രധാന വാർത്ത യുദ്ധത്തിൽ കേഡറ്റ് രാഹുൽ വീരമൃത്യു പ്രാപിച്ചെന്നായിരുന്നു.ഈ ഒരുവാക്യത്തിൽ ആ വീട് നിശബ്ദതയിൽ മുങ്ങി.കാത്തിരിപ്പിനാൽ കണ്ണീരുപൊഴിഞ്ഞുപോയതുകൊണ്ട് ഈ വേർപാടിൽ കരയാൻ ഒരുതുള്ളി കണ്ണീരുപോലും ബാക്കിയുണ്ടായിരുന്നില്ല. അങ്ങനെ ഇന്ത്യയുടെപതാക പുതപ്പിച്ച ആ ശരീരം സ്വർഗ്ഗം പുൽകി. പിറ്റേദിവസം രാഹുലിന്റെ ബാഗ് തുറന്ന ഗൗരികണ്ടത് ഇന്ത്യയുടെ ത്രിവർണ്ണപതാകയാണ്. അവൾ അതും നെഞ്ചിൽ ചേർത്തുവെച്ച്

കരഞ്ഞുകൊണ്ട് പറഞ്ഞു, ഇതാണോ നിങ്ങൾ എനിക്ക് തരാമെന്ന് പറഞ്ഞ 'സ്നേഹസമ്മാനം' ഇത് ഞാൻ നന്നായിസൂക്ഷിക്കാം.

ഗൗരിയുടെ പേപ്പറിലെ അക്ഷരങ്ങൾ കണ്ണീരാൽ ഇളകി മറഞ്ഞു. ഇത്തരം ഓർമൾക്കൊടുവിൽ അവൾ തീരുമാനിച്ചു, ഞാനെന്തിനാണ് വിഷമിക്കുന്നത് ,ഞാനിപ്പോൾ ഭർത്താവിന്റെ വീട്ടിലല്ലെ ഉള്ളത്. അത് മാത്രമല്ല കേഡറ്റ് രാഹുലിന്റെ , ഈ രാജ്യത്തിന്റെ കാവൽക്കാരന്റെ ഭാര്യയെന്ന പദവിയും എനിക്കുണ്ട്. ഞാൻ ഒരിക്കലും സങ്കടപ്പെടില്ല. ഗൗരി അങ്ങനെ പുതിയപേപ്പറെടുത്ത് എഴുതാൻ തുടങ്ങി. അങ്ങനെ അവളുടെ ജീവിതത്തെയും.....

# മാതൃസ്നേഹം

അനന്ദ

10E



ഒരു ഉൾനാടൻ ഗ്രാമത്തിൽ വയലിൻ കരയിലാണ് നാരായണിയമ്മയുടെ കൊച്ചുവീട്. ഓടിട്ട ഭംഗിയുള്ള കുഞ്ഞുവീട്. വീട്ടിൽ നാരായണിയമ്മയും രണ്ട് പെൺകുട്ടികളുമാണുള്ളത്. നാരായണിയമ്മയുടെ ഭർത്താവ് മക്കൾ ചെറുതായിരുന്നപ്പോൾ തന്നെ ഒരപകടത്തിൽ മരണപ്പെട്ടിരുന്നു. ഭർത്താവിന്റെ മരണത്തോടുകൂടി എല്ലാ ബാധ്യതകളും നാരായണിയമ്മയുടെ തലയിലായി ഉത്തരവാദിത്തം കൂടി.വളർന്നു വരുന്നത് രണ്ട് പെൺമക്കളുമാണ്. വീട്ടിൽ വലിയ കഷ്ടപ്പാടായിരുന്നു. ഒരുനേരത്തെ അന്നത്തിനുപോലും വകയില്ലാത്ത അവസ്ഥ. വളരെ പാടുപെട്ടാണ് നാരായണിയമ്മ ആകുടുംബം പോറ്റുന്നത് . നാരായണിയമ്മയ്ക്ക് അത്യാവശ്യം കൃഷിയൊക്കെ ഉണ്ടായിരുന്നു. കോഴിയും,പശുവും,ആടും അങ്ങനെ ചെറിയതോതിൽ  മുന്നോട്ടുപോകുന്നു..

രണ്ടുമക്കളും അത്യാവശ്യം നന്നായി പഠിക്കുന്ന കൂട്ടത്തിലായിരുന്നു. ആ അമ്മ കഷ്ടപ്പാടറിയിച്ചുതന്നെയാണ്  മക്കളെവളർത്തിയിരുന്നത്. അതുകൊണ്ട് ഉള്ളതുകൊണ്ട് സന്തോഷം കണ്ടെത്താൻ നാരായണിയമ്മയുടെ   മക്കൾക്കറിയാമായിരുന്നു.നാരായണിയമ്മയുടെ

സ്വപ്നമാണ് അവരുടെ ഭാവി.അവർക്ക് വേണ്ടിയാണ് നാരായണിയമ്മ ജീവിക്കുന്നതു തന്നെ.അതിരാവിലെ എഴുന്നേറ്റ് പശുവിനെ കറന്ന് വീടുകളിൽ പാൽ വിൽക്കാൻ പോകും .കിട്ടുന്നതെല്ലാം ഉറുമ്പ് അരിമണികൂട്ടുന്നതുപോലെ ചേർത്തുവയ്ക്കും.മക്കളുടെ ആവശ്യങ്ങൾ ഒട്ടുമിക്കതും നാരായണിയമ്മ നടത്തിക്കൊടുക്കുമായിരുന്നു. പണിയെടുത്ത് പാതിരയാകും വീട്ടിലെത്താൻ എന്നാലും പണികഴിഞ്ഞ് ഉച്ചയ്ക്ക് ഇടവേളയിൽ വന്ന് മക്കൾക്ക് ചോറും കറിയും ഉണ്ടാക്കിവച്ചിട്ടാണ് തിരികെ ജോലിയിൽ കയറുന്നത്. അതുപോലെ അമ്മ രാത്രിവൈകിവരുന്നത്വരെ വീട്ടിലെ  ഒട്ടുമിക്കപണികളുമെടുത്ത് മക്കൾ അമ്മയെ കാത്തുനിൽക്കുന്നുണ്ടാകും .പണികഴിഞ്ഞ് ക്ഷീണിതയായി വരുന്നഅമ്മയ്ക്ക്  ഒരാശ്വാസംതന്നെയായിരുന്നു മക്കളുടെ ചിരിയും കളിയും .എന്നാൽ ഇടയ്ക്ക് ആമനസ്സ് ഒന്ന് പിടയും പഴയതോർക്കുമ്പോൾ , കാരണം ജീവിതത്തിൽ നിന്ന് ഒരുപാട് ദുരിതങ്ങളും ദുരന്തങ്ങളും ആ അമ്മ അനുഭവിച്ചിട്ടുണ്ട്. വളരെ സന്തുഷ്ടമായൊരു ജീവിതമായിരുന്നു പണ്ട് നാരായണിയമ്മയുടെത്. അവരുടെ ഭർത്താവിന്റെപേര് ലക്ഷ്മണൻ എന്നായിരുന്നു. തെങ്ങുകയറ്റക്കാരനായിരുന്നു അയാൾ. ഒരുദിവസം രാത്രിവൈകി തേങ്ങയിട്ട് ഇറങ്ങാൻ നേരം ,മകൾക്ക് എന്തോഅപകടം പറ്റി എന്നവിവരം കേട്ടപാതി കേൾക്കാത്തപാതി ബൈക്കിൽ ഹോസ്പിറ്റലിൽ പോവുകയായിരുന്നു.ഒരുലോറിചീറിപാഞ്ഞ്വന്ന് ഇടിച്ചു.മക്കൾക്ക്വേണ്ടിവാങ്ങിയ കളിപാട്ടങ്ങളും, മിഠായികളും അടങ്ങിയസഞ്ചി റോഡിൽ വീണ് കളിപ്പാട്ടങ്ങളും മറ്റും റോഡരികിൽ ചിന്നിച്ചിതറി അയാളുടെ   ചോരയിൽഅവയൊക്കെമുങ്ങി. തലയാക്കായിരുന്നു ക്ഷതം .ആളുകൾ ഓടിക്കൂടി  ഹോസ്പിറ്റലിൽ എത്തിക്കുമുൻപേ മരിച്ചിരുന്നു.കുറെ കടങ്ങളും ബാധ്യതകളും മാറ്റിവെച്ചിട്ടായിരുന്നു അയാൾ പോയത്.പിന്നീട് ആ മരണവാർത്തയിൽ

നിന്നും നാരായണിയമ്മയെ സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാൻ മക്കൾ കുറെപാടുപെട്ടു.

പിന്നീടവർ ജീവിച്ചത് മക്കൾക്ക് വേണ്ടിയായിരുന്നു. അവരെ നല്ലനിലയിൽ എത്തിക്കണം അതായിരുന്നു അവരുടെ ലക്ഷ്യം. വളരെ പാടുപ്പെട്ട് നല്ലനിലയിൽ അവരെ എത്തിച്ചു.ഒരാൾ ടീച്ചറും മറ്റെയാൾ ഡോക്ടറുമായി.അമമ വാർധക്യത്തിലേക്കെത്തി,വാർധക്യരോഗങ്ങൾ ബാധിച്ച് നന്നെ

ക്ഷീണിച്ചു. ഒന്നെണിക്കാൻ പോലും പറ്റാത്തഅവസ്ഥ. ശരീരം ഒട്ടിച്ചുളിഞ്ഞ്മെലിഞ്ഞ് ഒരസ്ഥിക്ക് സമമായി മാറി.മക്കളെ സ്വന്തം അധ്വാനത്തിൽ തന്നെ അത്രവലിയ ആഡംബരമില്ലാതെ നല്ലരീതിയിൽകല്ല്യാണം കഴിപ്പിച്ച്വിട്ടു. ആ അമ്മ നല്ലൊരുജീവിതം മക്കൾക്കസമ്മാനിച്ചുകൊണ്ട് അധികം താമസിയാതെ ഈ ഭൂമിവിട്ട് യാത്രയായി.പക്ഷേ പോകുംമുമ്പ് മക്കൾക്ക് വിയർപ്പിന്റെ ഒരംശം കരുതിവെച്ചിട്ടായിരുന്നു ആ അമ്മഎന്നേക്കുമായി യാത്രയായത്.

# വിധിയുടെ കാൽപ്പാടുകൾ

**അഥീന ഷാൻവി**

8 B

"ഹോ അല്ലെങ്കിലും അച്ചൻ ഇപ്പോൾ ഒന്നും പറയാറില്ല" ദേഷ്യത്തോടെ രാമു അവന്റെ കിടപ്പുമുറിയിൽ ചെന്ന് വാതിൽ അമർത്തിയടച്ച് തലയണയിൽ മുഖംചേർത്ത്പിടിച്ച് ഏങ്ങി ഏങ്ങി കരയാൻ തുടങ്ങി.അന്ന് നല്ലമഴയുള്ള സമയമായിരുന്നു. ഇലകൾ കാറ്റത്ത് തെന്നി തെന്നി ആടി വരികയായിരുന്നു. തോടുകളിലും നദികളിലും വെള്ളം കയറി ഇറങ്ങിക്കൊണ്ടിക്കൊണ്ടിരുന്നു.

"രാമൂ" 'രാമു" അവന്റെ അച്ചൻ കതകിൽ തട്ടിവിളിച്ചു പക്ഷേ അവൻ വാതിൽ തുറന്നില്ല അവൻ നിശബ്ദനായിരുന്നു.

ഗൗരവത്തോടെ അവന്റെ അച്ചൻ തിരിഞ്ഞുനടന്നു. വരാന്തയിൽച്ചെന്ന്നിന്ന് അദ്ദേഹം തന്നത്താൻ പറഞ്ഞു.

നാടും നോക്കണം വീടും നോക്കണം കുട്ടികളെയും പോറ്റണം ഇതെല്ലാം സാധാരണ ഒരുപതുകാരന് നിക്ഷ്പ്രയാസം നോക്കാൻ കഴിഞ്ഞെന്ന് വരില്ല

നെഞ്ചിൽ താങ്ങാൻ കഴിയാത്ത ഭാരംകൊണ്ട് അയാൾ ശിരസ്സും താങ്ങിയിരുന്നു.പിന്നീട് രണ്ടും കൽപ്പിച്ച് അയാൾ ചാക്കോച്ചന്റെ പീടികയിൽ നടക്കാൻ ഭാവിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ തിരികെ വിളിച്ചു ,"അതെ തൊട്ടതിനും പിടിച്ചതിനും വീട് വിട്ട്പോകാൻ തീരുമാനിച്ചാൽ നിങ്ങൾ ഇനിയെപ്പോഴും ഒരു യാത്രയിലായിരിക്കും ".ഒരു

ചട്ടി വലിച്ചെറിഞ്ഞ് അവരും അകത്തേക്ക്പോയി.ആ വൃദ്ധൻ ഒന്നും അറിയാത്തപ്പോലെ കടത്തിണ്ണയിൽ കയറിയിരുന്നു. കുറച്ച് ചപ്പും ചവറുമുണ്ടായിരുന്നത് കൈകൊണ്ട് തൂത്ത്മാറ്റി അവിടെയിരുന്നു വിശ്രമിക്കാൻ ഭാവിച്ചു.രാത്രി ഒരു പത്ത് മണിയായിക്കാണും അദ്ദേഹം തന്റെ സ്വപ്ന ലോകത്തിൽ അകപ്പെട്ടു.

ചന്ദ്രൻ പോയി സൂര്യൻ വന്നു. ചാക്കോച്ചൻ അതിരാവിലെ തന്നെ തന്റെ പീടികയിൽ വന്നു. 'വർഗ്ഗീസ്സേട്ടോ'കടതിണ്ണയിൽ ഉറങ്ങുന്നത് കണ്ടിട്ട് വിളിച്ച്നോക്കി, ഉണരാത്തത് കണ്ടപ്പോൾ ഒന്ന്കുലുക്കിവിളിച്ചു പക്ഷേ യാതൊരുമ്റ്റവും ഇല്ല. ശടാ ഇത്വല്ല്യകഷ്ടമായല്ലോ ,മൂക്കിന് താഴെ വിരൽ വെച്ച് ശ്വാസമുണ്ടോനോക്കി ഉച്ചത്തിൽ നിലവിളിച്ചു അയാളുടെ നിലവിളിക്കേട്ട് നാട്ടുകാർ ഒത്തുകൂടി . വർഗ്ഗീസ്സ് സ്വർഗ്ഗത്തിൽ നിന്നും താഴെ നോക്കി ഈ കാഴ്ച് കാണുകയായിരിന്നു.

ഒരു ആംബുലൻസ് രാമുവിന്റെ വീടിന് മുൻപിൽ വന്നു നിന്നു. സഗൗരവത്തോടെ രാമു പുറത്തേക്ക് ഇറങ്ങിനോക്കി ,അലമുറയിട്ടുകൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ ഓടിവന്നു. ഒന്നും മിണ്ടാതെ അവസാനമായ് ഒരു വാക്കുപോലും പറയാതെ നിങ്ങൾ എന്നെ തനിച്ചാക്കി പോയല്ലോ? രാമുവിന്റെ കണ്ണുകൾ നിറഞ്ഞ്തുളുമ്പുന്നുണ്ടായിരുന്നു.അച്ഛനെ കെട്ടിപ്പിടിച്ച് ഉമ്മകൊടുത്തിട്ട് അവൻ മുറിയടച്ചിരുന്നു.ശവതാഹം കഴിഞ്ഞു നാട്ടുകാർ പിരിഞ്ഞു.നേരം ഇരുട്ടാവാറായി, രാമുവിന്റെ ഒരുസുഹൃത്ത് ഇവന്റെ വീട്ടിലേക്കു വന്നു. രാമു അവൻ വിളിച്ചു. വീട്ടിൽ മൊത്തം ഒരു ശൂന്യത തളംകെട്ടിനിന്നു. അരക്കൊല്ല പരീക്ഷയ്ക്ക് രാമു മിക്കവിഷയത്തിലും പരാജിതനായിരുന്നു.അതിന് അവന്റെ അച്ഛൻ അവനെ ഒരുപാട് തല്ലിയിരുന്നു.ആ സങ്കടത്തിൽ അവൻ പറഞ്ഞു ഡോക്ടറുടെ മക്കൾ

ഡോക്ടറാകും , എഞ്ചിനീയറുടെ മക്കൾ എഞ്ചിനീയറീകും, അപ്പോൾ ഞാൻ ആരാകാനാ ഒരുകുലിപ്പണിക്കാരനോ ? ആ ചോദ്യത്തിന് മുൻപിൽ അയാൾ പകച്ച നിന്നു.അദ്ദേഹത്തിന്റെ ഭാര്യയ്ക്കും ഈയിടെ ആയി അദ്ദേഹത്തോട് മടുപ്പുണ്ടായിരുന്നു.വിഷമം സഹിക്കാൻ കഴിയാതെ അദ്ദേഹം ഇറങ്ങിപ്പോയതാണ്.

രാമുവിന്റെ കദനകഥ സദസ്സിലിരിക്കുന്നവർ നിശബ്ദതയോടെ കേട്ടിരുന്നു.മന്ത്രിയുടെ കൈയിൽ നിന്നും എസ്സ് എസ്സ് എൽ സിക്ക് ഒന്നാം റാങ്കുവാങ്ങിയ രാമുപുരസ്കാരം ഏറ്റുവാങ്ങിക്കൊണ്ട് നടത്തിയ മറുപടിപ്രസംഗം എല്ലാവരുടെയും കണ്ണുകളെ ഈറനണിയിച്ചു.സദസ്സിൽ ഇരുന്നവർ ഒന്നടങ്കം എഴുന്നേറ്റുനിന്ന് കരഘോഷം മുഴക്കിക്കൊണ്ട് രാമുവിന്റെ സന്തോഷത്തിൽ പങ്കു ചേർന്നു.

"കണ്ണുണ്ടാകുമ്പോൾ കണ്ണിന്റെ വിലയറിയില്ല അത് ഒരിക്കൽ ഇല്ലാതാകുമ്പോൾ മാത്രമേ അതിൻ വില മനസ്സിലാകു" എന്നു പറഞ്ഞുകൊണ്ട് രാമു തന്റെ നിറഞ്ഞ കണ്ണുകൾ തുടയ്ക്കാൻ പാടുപ്പെട്ടു.

# അമ്മ

**ശ്രീലക്ഷ്മി**

9A




വൃദ്ധസദനത്തിന്റെ ഒരു ളുണിൽ ചാരിയിരുന്ന് അവൾ മെല്ലെ കണ്ണുകളടച്ചു .അവളുടെ മനസിൽ പലപല ചിത്രങ്ങൾ മിന്നിമറഞ്ഞു .

ഒരു സുന്ദരമായ ഗ്രാമത്തിലെ സുന്ദരമായൊരു കുടുംബം .അത്രവലിയ സാമ്പത്തികശേഷിയൊന്നുമില്ലെങ്കിലും അവർ സന്തോഷത്തോടുകൂടി അവിടെ ജീവിച്ചു .ആവീട്ടിലെ സുന്ദരിയായ കുട്ടിയായിരുന്നു നന്ദിനി .ഒറ്റ കാഴ്ചയിൽ തന്നെ ആരുടേയുംമനംകവരുന്ന സൗന്ദര്യമായിരുന്നു അവൾക്ക് . ആലോചനകൾ അവളെ തേടിയെത്തി .ഒരു ദിവസം അവളെ കാണാൻ വിഷ്ണു എന്ന സുമുഖനായ ചെറുപ്പക്കാരൻ കല്യാണാലോചനയുമായി വന്നു.അങ്ങനെ ആ ബന്ധം ഉറപ്പിച്ചു .വൈകാതെ അവർ വിവാഹിതരായി.അങ്ങനെ അവരുടെ ദാമ്പത്യം  സന്തോഷമായി മുന്നോട്ടുപോയി .കുറച്ച് വർഷങ്ങൾക്ക്ശേഷം അവർ രണ്ടുകുട്ടികളുടെ മാതാപിതാക്കളയി .മക്കൾ രണ്ടുപേരും പഠിത്തത്തിൽ മിടുക്കന്മാരായിരുന്നു.  മൂത്തവൻ നവനീത് ആഞ്ചാം തരത്തിലും രണ്ടാമത്തെ മകൻ നാവതേജ് രണ്ടാം തരത്തിലും പഠിക്കുമ്പോൾ രോഗാസ്വസ്ഥകൾ കാരണം വിഷ്ണു മരണത്തിനു പിടിക്കൊടുത്തു.പക്ഷേ വളരെ ചെറിയ

പ്രായത്തിൽ തന്നെ വിധവയായിട്ടും നന്ദിനി തന്റെ രണ്ടു മക്കൾക്ക് വേണ്ടി ജീവിച്ചു .വീട്ടുപണികൾക്കും മറ്റും പോയി അവൾ വളരേയേറെ കഷ്ടപ്പെട്ട് രണ്ടു മക്കളെയും വളർത്തി. പഠിത്തത്തിൽ മിടുക്കരായിരുന്ന രണ്ടുപേരും ക്രമേണ വലിയ നിലകളിലെത്തി .നവനീത് എഞ്ചിനീറും നാവതേജ് ഗവൺമെന്റ് ഉദ്യോഗസ്ഥനും ആയി . അതോടുകൂടി ആ അമ്മയുടെ കഷ്ടപ്പാടിന് ഒരു പരിസമാപ്തിയായി. മക്കൾ രണ്ടുപേരുംകൂടി ഒരു പുതിയ വീടുണ്ടാക്കി,ശേഷം അവർ വിവാഹിതരായി പ്രായാധിക്യത്താലുള്ള നന്ദിനിയുടെ ഓരോ പ്രവൃത്തികളിലും മരുമക്കൾ എതിർപ്പ് പുലർത്തി.തങ്ങളുടെ ഭർത്താക്കന്മാരെകൊണ്ട് അവർ പുതിയ വീടുകളുണ്ടാക്കി അവിടത്തേക്ക് താമസം മാറി .അവർ ആ അമ്മയെ തീരെശ്രദ്ധിച്ചതേയില്ല .വീട്ടിൽ അമ്മയെ നോക്കാൻ ഒരായയെ ഏൽപ്പിച്ചു .പക്ഷെ ആ ക്രൂരയായ സ്ത്രീ അമ്മയെ വേദനിപ്പിച്ചു . അങ്ങനെ അമ്മയ്ക്ക് തീരേ വയ്യാതായി .അമ്മയെ ആരുടെവീട്ടിലേക്കുകൊണ്ടുപോകും എന്ന് തർക്കമുണ്ടായി .അവസാനം ആ വൃദ്ധയായ അമ്മയെ പന്തുപോലെ രണ്ടു പേരുടെയും വീട്ടിലേക്ക് മാറിമാറി നിർത്തി .പക്ഷേ മരുമക്കൾ അമ്മയോട് വളരെ മോശമായി പെരുമാറി .ആ അമ്മയ്ക്ക് ഒരിറ്റു വെള്ളം പോലും കൊടുത്തില്ല നന്ദിനി അവിടെ നരക ജീവിതം നയിച്ചു .താൻ ഏറെകഷ്ടപ്പെട്ടു വളർത്തിയ മക്കൾ അവളെ ഒരിറ്റ് സ്നേഹം കൊണ്ടുപോലും നോക്കാത്തതുകൊണ്ട് അവളുടെ ഹൃദയം വിങ്ങി .

അമ്മ ഒരു ഭാരമായതുകൊണ്ടു മക്കൾ അമ്മയെ ഒരു വൃദ്ധസദനത്തിൽ കൊണ്ട് നിർത്തി.ആ അമ്മയുടെ മനം പിടഞ്ഞു . വൃദ്ധസദനത്തിന്റെ തൂണിൽ ചാരിയിരുന്ന അവൾ മെല്ലെ തന്റെ കണ്ണുകൾ തുറന്നു .ശേഷം അവൾ പൊട്ടിക്കരഞ്ഞു . അമ്മയെ കാണാനെത്തിയ മക്കൾ അമ്മ കരയുന്നതിന്റെ കാരണം തിരക്കി .അവളുടെ മക്കൾ തന്നെയാണ് അവളുടെ വേദനയെന്നവൾ അറിയിച്ചു. അവർ അമ്മയെ കെട്ടിപിടിച്ചു.

പെട്ടെന്ന് ആ അമ്മയുടെ ശ്വാസം നിലച്ചു .അവർ അവിടെ നിന്ന് വിതുമ്പി ഇത്രയും ക്രൂരത തങ്ങളുടെ അമ്മയോട് ചെയ്തിട്ടും അമ്മ അവരെ സ്നേഹിക്കുന്നതോർത്ത് അവർ  ഇത്രയും ക്രൂരത തങ്ങളുടെ അമ്മയുടെ ചെയ്തിട്ടും 'അമ്മ അവരെ സ്നേഹിക്കുന്നതോർത്ത് അവർ  പരസ്പരം കെട്ടിപിടിച്ചു .

"അമ്മയ്ക്ക് തുല്യം അമ്മ  മാത്രമാണ് "

# പഴം ചൊല്ലുകൾ

അനനന്ദ

9A

മൂത്തവർചൊല്ലും മുതുനെല്ലിക്ക
ആദ്യം കയ്ക്കും പിന്നെ മധുരിക്കും

ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ട.

പയ്യെതിന്നാൽ പനയും തിന്നാം.

മിന്നുന്നതെല്ലാം പൊന്നല്ല.

മടിയൻ മല ചുമക്കും.

വടി കൊടുത്ത് അടിവാങ്ങരുത്.

ഒത്തുപിടിച്ചാൽ മലയും പോരും.

അടിതെറ്റിയാൽ ആനയും വീഴും.

താൻ കുഴിച്ചകുഴിയിൽ താൻ തന്നെ വീഴും.

പൊന്നു കായ്ക്കുന്ന മരമാണെങ്കിലും
പുരയ്ക്ക് ചാഞ്ഞാൽ മുറിക്കണം.

# നാടകം

## തലക്കറി

Shagila.C.M,
HST(N.S)

രംഗം.1

(ആശുപത്രിയുടെ entrance ൽ തന്നെ പ്രസവ വാർഡിലേക്ക് വഴി arrow mark ഇട്ടു കാണിച്ചിരിക്കുന്നു.സമീപത്തായി സൈജീൻ ലാബും കാണാം.2,3 പേർ അസ്വസ്ഥതയോടെ തലങ്ങും വിലങ്ങും നടക്കുന്നു.ഇടയ്ക്കിടെ അകത്തേക്ക് നോക്കുന്നു.കുട്ടിയുടെ കരച്ചിൽ കേൾക്കാം.എല്ലാവരും പരസ്പരം നോക്കി ചിരിക്കുന്നു.Nurse കുഞ്ഞുമായി പുറത്തു വരുന്നു.)

Nurse:Mr. Vinod Scaria
Vinod:Yes(അടുത്തേക്ക് പോകുന്നു)
Nurse:(ചിരിട്ടുകൊണ്ട്)പെൺകുഞ്ഞ്
(കുട്ടിയെ വിനോദിന് കൊടുക്കുന്നു.)(കൈയ്യിലെ പേപ്പറും കുട്ടിയുടെ blood sample അടങ്ങിയ bottle ഉം കൊടുക്കുന്നു)
ഇതും ബ്ലഡ് സാംപിളും സൈജിനോ ലാബിൽ കാണിച്ച് ജനിതക രൂപരേഖ വാങ്ങണം
Vinod:കുഞ്ഞിൻടെ അമ്മ?
Nurse:കുഴപ്പമില്ല.അല്പസമയം കഴിഞ്ഞ് റൂമിലേക്ക് മാററും.
Vinod:(കുഞ്ഞിന് ഉമ്മ കൊടുത്ത് അമ്മൂമ്മക്ക് കൊടുക്കുന്നു.)
അമ്മൂമ്മ:എൻതെടാ കുട്ടാ..(ഉമ്മ കൊടുക്കുന്നു)അമ്മയുടെ പാല് കുടിച്ചു വാ.അമ്മൂമ്മ എടുക്കാം .കേട്ടോടാ മുത്തേ(കുഞ്ഞിനെ നഴ്സിനു കൊടുക്കുന്നു)
Vinod:അമ്മേ ഞാൻ ലാബിൽ പോയി DNA Profile [1]വാങ്ങട്ടെ

1 ന്യൂക്ളിയോടൈഡുകളുടെ ക്രമീകരണം പരിശോധിക്കുന്നത്.

അമ്മൂമ്മ:DNA പ്രൊഫൈലോ.അതെന്താപ്പാ?

vinod:ഒരു വ്യക്തിയുടെ DNA അഥവാ ജനിതക ക്രമം നിർണ്ണയിച്ച് പ്രത്യേകതകൾ തിരിച്ചറിഞ്ഞ ശേഷം  അവയെ രേഖപ്പെടുത്തി വെക്കുന്നതാണ് ജനിതക രൂപരേഖ അല്ലെങ്കിൽ DNA പ്രൊഫൈൽ.
അമ്മൂമ്മ:(പുച്ഛത്തോടെ)DNA പ്രൊഫൈൽ.നമ്മളൊക്കെ അതുണ്ടായിട്ടാണോ ഇതുവരെ ജീവിച്ചേ.
Vinod:അതല്ലമ്മേ.ഒരു വ്യക്തിക്ക് വന്നുചേരാൻ സാധ്യതയുള്ള രോഗങ്ങളുടെയെല്ലാം blueprint ഇതിൽ നിന്ന് കിട്ടും.
(മറ്റുള്ളവർ അതിശയിക്കുന്നു)
കാൻസർ,ഡയബറ്റിസ്,അൽഷിമേഴ്സ് എന്നുവേണ്ട പൊണ്ണത്തടി വരെ ഏകദേശം  500 ജനിതക രോഗങ്ങൾ പ്രവചിക്കാനും ചികിത്സിക്കാനും ഇതു മൂലം സാധിക്കും.
അമ്മൂമ്മ:അത് കൊള്ളാമല്ലോ? ഇതെങ്ങിനെ?
vinod:അത്യാധുനീക massive parallel sequences വഴി. ബാക്കി ഞാൻ പോയിട്ട് വന്നിട്ട് പറയാം. (വിനോദ് പോകുന്നു.അമ്മൂമ്മ അവിടെ  teapoy ൽ ഉള്ള പേപ്പർ മറിച്ച് നോക്കുന്നു)

രംഗം 2

(സൈജിനോം ലാബ്. Director:Dr.George Thomas,M.B.B.S,M.D,Ph.D(Bio informatics ,Sr. Scientist-Oncology,Scigenom എന്ന board കാണാം.വിനോദ് blood sample ഉം കൊടുക്കുന്നു)
Technician:(റിപ്പോർട്ട് വാങ്ങി computer ൽ type ചെയ്യുന്നു.Vinod നെ നോക്കുന്നു)
5000 rupees.cash എങ്ങിനെയാ pay ചെയ്യുന്നേ?
Vinod:Money transfer ലൂടെ.
Technician:Ok
(2 പേരും മൊബൈലിലൂടെ എന്തൊക്കെയോ ചെയ്യുന്നു.ബീപ്പ് ശബ്ദം വരുന്നു.Technician തലയാട്ടുന്നു.receipt കൊടുക്കുന്നു.5 മണിക്കൂർ കഴിഞ്ഞ് വന്നോളൂ.)

രംഗം 3

(vinod പ്രസവ റൂമിനടുത്തു  തിരിച്ചു പോകുന്നു)
Nurse:അമ്മയേയും കുഞ്ഞിനേയും റൂമിലേക്ക് മാററാൻ പോവുകയാ.ആരെങ്കിലും റൂമിലേക്ക് വരൂ
( എല്ലാവരും റൂമിലേക്ക് പോകുന്നു)

രംഗം:4

(വയസ്സായ  മുസ്ലീം വേഷധാരിയായ ഒരാൾ ലാബിലേക്ക് വന്ന് കാർഡ് കാണിക്കുന്നു.technician  കാർഡ് വാങ്ങി നോക്കുന്നു)

technician:(glucometer വെച്ച് നോക്കുന്നു.) Mr. മമ്മദ്,Metformin 1 അല്ലേ കഴിക്കാറ്?

മമ്മദ്:ഞമ്മക്ക് അറീല്ല.നിങ്ങ തരുന്നത് അതാണെങ്കിൽ അതെ.

Technician:അത് തന്നെ continue ചെയ്താൽ മതി.

മമ്മദ്:ഞമ്മള ചെങ്ങായിക്ക്ഞമ്മന്ടത്ര തന്നെയാ പഞ്ചാരേന്ടെ അളവ്.പക്കേന്കില് ഓനിക്ക് വേറെ മരുന്നാണല്ലോ.

technician:Mr.മമ്മദേ,ഓരോരുത്തരുടെ ജനിതക ഘടനക്ക് അനുസരിച്ചാണ് ഓരോ മരുന്നും അതിന്ടെ ഡോസും.സുഹൃത്തിന്ടെ ജനിതക ഘടനയാവില്ല നിങ്ങളുടേത്.

technician:മറ്റു കുഴപ്പമൊന്നുമില്ലെന്കിൽ(paper കൊടുക്കുന്നു)ഇതിൽ പറഞ്ഞ date ന് വന്നാൽ മതി.(card തിരിച്ചു കൊടുക്കുന്നു)

മമ്മദ്:ന്നാ ശരി.മ്മള് പോണ്.(പോകുന്നു)

Technician:ഓ.ശരി.

രംഗം .5

( Hospital നുള്ളിൽ നിന്ന് Vinod ,ലാബിലേക്ക് പോകുന്നു.അമ്മൂമ്മ കുഞ്ഞിനെ താരാട്ട് മൂളി ഉറക്കുന്നു)

രംഗം.6(lab)

Vinod:(receipt കാണിക്കുന്നു.)

Technician:(ചിരിച്ചുകൊണ്ട് card കൊടുക്കുന്നു.കൂടെ report ഉം)

Vinod:Thank you.(report നോക്കിക്കൊണ്ട് കുറച്ച് വിഷമത്തോടെ വരുന്നു)

അമ്മൂമ്മ:എന്താടാ വിനോദേ നീ വല്ലാതിരിക്കുന്നത്?

Vinod:അമ്മ ഇതു കണ്ടോ.മോളുടെ DNA Profile ആണ്. (സുമോദും Dr. Sreedhar ഉം കടന്ന് വരുന്നു)18ാം വയസ്സിൽ ഡയബറ്ററിസ് ഉം 44ാം വയസ്സിൽ അൽഷിമേഴ്സും വരുമെന്നാ ഇതിൽ പറയുന്നേ.

അമ്മൂമ്മ:എടാ സുമോദേ.അയ്യോ.എന്താ ഞാൻ ഈ കേൾക്കുന്നത്.ദൈവമേ....(തലക്കടിക്കുന്നു)അതും ഇത്ര ചെറുപ്പത്തിൽ.....ഇതൊന്നും അറിയേണ്ടായിരുന്നു(ഇരിക്കുന്നു)

Sumod:അമ്മ അതൊന്നും പേടിക്കണ്ട.Gene therapy[2]എന്നൊക്കെ കേട്ടിട്ടില്ലേ.രോഗമുള്ള gene നെ enzyme ഉപയോഗിച്ച് മുറിച്ച് ആരോഗ്യമുള്ള ജീൻ വച്ചു പിടിപ്പിക്കാനൊക്കെ പറ്റും.

2 ജനിതക രോഗചികിത്സ.

Doctor:പാൻക്രിയാസിലെ കോശങ്ങൾ അധിക ജോലിയെടുത്ത് തളരുമ്പോഴാണ് ഡയബറ്റിസ് ഉണ്ടാവുന്നേ.പാൻക്രിയാസിൽ കൊണ്ടുപോയി അവിടത്തെ കോശമായി വിഭജനം നടത്തി വർദ്ധിക്കാവുന്ന വിത്തുകോശങ്ങളെ നിക്ഷേപിച്ചാൽ പുതിയ ഊർജ്ജസ്വലരായ കോശങ്ങളെ ഉണ്ടാക്കിയെടുക്കാം.പ്രമേഹവും മററും മറികടക്കാം.

sumod:ഒരു വ്യക്തിയുടെ ശരീര കോശങ്ങളെ തന്നെ വിത്തു കോശമായി പരിവർത്തനം ചെയ്താണ് രോഗാണുബാധിതമായ സ്ഥലത്ത് നിക്ഷേപിക്കുന്നത്.

അമ്മൂമ്മ:വിത്തുകോശം  എന്നുപറഞ്ഞാൽ?

Doctor:ഏതു തരം കോശവുമായി മാറാൻ  ശേഷിയുള്ള കോശങ്ങളെയാണ് വിത്തുകോശം [3]എന്ന് പറയുന്നത്.ഒരിക്കൽ ഉണ്ടാക്കിയെടുത്താൽ  പിന്നെ ഏതു തരം കോശങ്ങളിലേക്ക് വേണമെങ്കിലും നമുക്ക് അവയെ പരണമിപ്പിച്ചെടുക്കാം.

vinod:വാ,നമുക്ക് സിജിയുടെ അടുത്ത് പോകാം. അവൾ വിവരമറിയാൻ കാത്തു നിൽക്കുന്നുണ്ടാവും.(എല്ലാവരും പോകുന്നു)

രംഗം.7

(വളരെ അവശനായ ഒരാളെ കു.ട്ടി മറ്റൊരാൾ  ലാബിലേക്ക് വരുന്നു.അവശനായ ആൾ വിറയ്ക്കുന്നു,ഛർദ്ദിക്കാൻ ശ്രമിക്കുന്നു.മറ്റേയാൾ കാർഡ് കാണിക്കുന്നു.)

3 ഏതു കോശമായും മാറാൻ കഴിവുള്ള സവിശേഷ കോശങ്ങളാണ് വിത്തു കോശങ്ങൾ.

technician:Mr.Kannan,എന്താണ് പ്രശ്നം?

ഒന്നിച്ചു വന്നയാൾ:2 ദിവസമായി പനിയുണ്ടായിരുന്നു.Medical shop ൽ പറഞ്ഞപ്പോൾ ഈ മരുന്നു കഴിച്ചോളാൻ പറഞ്ഞു.(മരുന്നു കാണിക്കുന്നു)


അപ്പോൾ തുടങ്ങിയതാ ഈ പ്രശ്നങ്ങൾ.

technician(കൂടെ വന്നയാളോട് ):എന്തു പണിയാ കാണിച്ചേ.ചിലമരുന്നുകൾ ചിലരിൽ പാർശ്വഫലങ്ങൾ ഉണ്ടാക്കും.profile card മരുന്നു ഷോപ്പിൽ കാണിച്ചില്ലായിരുന്നോ?

kannan:സാർ,അവനല്ല ഞാൻ തന്നെയാ ചെയ്തേ .അവൻ ഇപ്പോൾ എൻടെ കൂടെ വന്നതേ ഉള്ളൂ.profile card അവർ ചോദിച്ചിരുന്നു.കൊണ്ടു വന്നില്ലെന്നും വളരെ അത്യാവശ്യമാണെന്നും പറഞ്ഞപ്പോൾ അവർ ഈ മരുന്നു തന്നു.

technician:ജനിതക ഘടനയുടെ വ്യത്യാസത്തിനനുസരിച്ച് ഏതൊക്കെ മരുന്നുകൾ പാർശ്വഫലങ്ങൾ ഉണ്ടാക്കുമെന്ന് profile card കണ്ടാൽ പറയാമായിരുന്നു.ഈ മരുന്ന് ഇദ്ദേഹത്തിന് പററാത്തതാണ്.

( nurse നോട്)ഇദ്ദേഹത്തെ admit ചെയ്തോളൂ.



Nurse:വരൂ(കൂട്ടിപ്പോകുന്നു)

രംഗം.8

(vinod റിസപ്ഷന് മുൻപിലുള്ള

കസേരയിലിരുന്ന് പത്രം വായിക്കുന്നു.ഒരാൾ ലാബിൽ വന്ന് എന്തോ പറയുന്നു.report കൊടുക്കുന്നു.)

Technician:wait ചെയ്യൂ.

(അയാൾ കസേരയിലിരിക്കുന്നു)

(Vinod നെ നോക്കി):അല്ല വിനോദോ.

Vinod: Ajitha?

Ajitha:ആരാ ആശുപത്രിയിൽ?

Vinod:ഭാര്യ പ്രസവിച്ചിട്ടുണ്ട്.നിങ്ങൾ വന്നത്?

Ajitha:ഞാൻ മോളുടെ DNA Profile ഇതുവരെ വാങ്ങിയിട്ടില്ലായിരുന്നു.കുറച്ച് വർഷം മുൻപ് ഇതിൻടെ charge വലിയ amount ആയിരുന്നു.charge കുറയട്ടെയെന്ന് കരുതി ഇത്രയും കാലം wait ചെയ്തു.ഇനിയും കാത്തുനിൽക്കാൻ പററില്ല.

Vinod:അതെന്തേ?

Ajitha:ഇപ്പോൾ കല്ല്യാണാലോചനകൾ വരുന്നു.അവർ Genetic profile ആവശ്യപ്പെടുന്നു.2 ദിവസം മുൻപ് sample കൊടുത്തിരുന്നു.ഇന്ന് വരാൻ പറഞ്ഞു.

Vinod:ഓ!കല്ല്യാണത്തിനും ഇത് ആവശ്യമായിത്തുടങ്ങിയോ?

Ajitha:അവളുടെ DNA Profile അവന് കാണണമെന്ന്.അവൻടേത് copy

അയച്ചിട്ടുണ്ട്.മലയാളി സ്ത്രീകളിൽ സാധാരണ Asthma,Obesity,Cancer,ഹൃദയസംബന്ധമായ രോഗങ്ങൾ,മൾട്ടിപ്പിൾ സ്ക്ലീറോസിസ് ഒക്കെ വരാൻ സാധ്യതയുണ്ട് പോലും.

Vinod:എല്ലാം നേരത്തേ അറിഞ്ഞു വെക്കുന്നത് നല്ലത് തന്നെ.

Ajitha:പക്ഷേ പല ആലോചനകളും മുടങ്ങാവും ഇതു മതി.

Technician:Mrs.Ajitha

Ajitha:എന്നാ ശരി.കാർഡ് ശരിയായെന്നു തോന്നുന്നു.ഞാൻ വാങ്ങിക്കട്ടെ.പിന്നെ കാണാം.(shakehand കൊടുക്കുന്നു,ലാബിലേക്ക് പോകുന്നു)

Technician:(Print out ഉംcard ഉം കൊടുക്കുന്നു)

Ajitha:(report നോക്കി phone ചെയ്യുന്നു,നടക്കുന്നു)

ങാ,മോളേ,ഇത് ഞാനാ,അമ്മയാടീ,ങാ ,വാങ്ങിച്ചു.കുഴപ്പമൊന്നുമില്ല.ഞാൻ അയച്ചിട്ടുണ്ട്.അവനയച്ചുകൊടുത്തോളൂ(Vinod നോട് കൈകാണിച്ചുകൊണ്ട് പുറത്തേക്ക് പോകുന്നു)

(Doctor ward ൽ നിന്ന് ലാബിലേക്ക് വരുന്നു.Vinod room ലേക്ക് പോകുന്നു.)

Doctor :(Technician നോട്)ഇന്നല്ലേ Doctor Sharath ന്റെ മകളുടെ കല്ല്യാണം.

Nurse:DNA Profile നോക്കി നടക്കുന്ന ലോകത്തിലെ ആദ്യ കല്ല്യാണമായിരിക്കും ഇത്.കാലം പോയ പോക്കേ.

Doctor:ഇനിയുള്ള കല്ല്യാണമൊക്കെ ഇങ്ങനെയായിരിക്കും.ലോകം അത്ര advanced ആയില്ലേ.

Nurse:എത്ര മണിക്കായിരുന്നു മുഹൂർത്തം?

Technician:12 മണിക്കല്ലേ?

Doctor:(വാച്ച് നോക്കുന്നു)ങാ,Duty time കഴിഞ്ഞു.നമുക്ക് പോകാം.

(പകരം മറ്റൊരു Doctor ഉംTechnician ഉം അവിടെ ഇരിക്കുന്നു.മറ്റുള്ളവർ പുറത്തേക്ക് പോകുന്നു.)

# ലേഖനം

## EDUCATION

NANDANA CHITHRESHAN

9 A



Education is important in a life of a person .Education plays a vital role in shaping successful people . Education brings maturity and teaches us to live in society with changing environment . Education is very important tool for everyone to succeed in life and get something different . Education is an important medium of acquiring skills and knowledge . Our education begins at home . Education gives us knowledge of the world around us and change it into something better.

People debate over the subject of whether education is the only thing that gives knowledge

A good education is a system that make student better . A good education is when it could increase a child's creativity help them enjoy studying and help them through education in their future . Not only this a good education helps children's to socialize or communicate with others . Education is the only thing that will exist in the life of a person . First important things of education is behaviour, manners like that things . Through education a person can polish his/her

behaviour . If we have good education , good behaviour we will have a standard position in a society and wherever we go . So education is important and we all should increase our education .

# UNDERSTANDING THE SELF EXPRESSION IN SELECT TRANSGENDER TEXTS.

SHOMA MOHANDAS

HST ENGLISH

**Manobi Bandhopadhya** **Living Smile Vidya**





*"The single story creates stereotypes, and the problem with stereotypes is not that they are untrue, but that they are incomplete. They make one story become the only story."*

— ChimamandaNgoziAdichie, Nigerian author and feminist activist.

Multiple things become clear when reviewing the literature on trans people and transgender theory. Even though, trans people have become increasingly socially visible, we still remain highly invisible throughout educational research, which may be referred to as the transparadox. It begins with the premise that humans are storytelling animals; we use narrative to make sense of the self and the world around us. Moreover, when stories are shared, a kinship is created between storyteller and listener based on the empathic response between the two.

Transgender autobiography is an emerging literature genre which will enable further academic discourses on transgender and will also help establish transgender studies as a discipline in academia. There is a need of a platform other than law and order to understand the intricacies of their identity. With the coming of their autobiographies, it is will provide a base to understand their self, identity and

sexuality and also hope to contribute to a better understanding of transgender lives and their existence in present. The transgender writers undergo intense traumatic experiences (both internal and external) in the various stages of their lives especially during ―coming out and ―passing (internal) and in their struggle for space and inclusion (external). Though Queer studies and LGBT literature has become a household name, none of us are willing to acclaim those who fall under this category with an open heart. Vidya's *I am Vidya*, Laxmi Narayan Tripathi's *Me Hijra, Me Laxmi* and Manobi Bandhopadhyay's *Gift of Goddess Lakshmi* highlight the various instances where they put in their courage to stand up for themselves in the face of stiff opposition and go forward in their quest for self-completion apart from focusing on the dark and bleak lives of the transgenders. Reading the transgender writings of these famous personalities reveal the fact that they all faced a complicated political struggle. All these trans writers speak in their own voices and mobilize politically around less oppressive self understandings and writers in the area have an almost impossible task of navigation, negotiation, and representation. With the "choice" to transition comes an understanding and acceptance of the fact that one will be forced to let go of past identities and communities—not in an attempt of erasure, but out of respect. No matter how one identifies, they have the right to express themselves freely. However, there is a limit.

The study of the transgender texts adds to the literature by providing an intimate examination of the process of negotiating transgender across interpersonal contexts, which can increase sensitivity and awareness of transgender experience and it highlights the ongoing social challenges transgender people face across multiple transgender identities. The transgender writers describe the unexpected stressful issues arising both before and after adopting their current gender identity. (e.g., employment issues, shifts in power position and sexual orientation). Trans studies has reached a level of autonomy and sophistication that firmly establishes it as a field with its own theoretical and political questions.

After reviewing the transgender texts, it seems that academic studies can increase empathetic understanding around issues of gender. These texts explore the potential of story exchange to blur or dismantle the gender binary towards realizing a common humanity. Queer theory might shed light on these problems through research that questions normative constructions of socially constructed binaries and the ways that queer theory might contribute to addressing larger questions in higher education.

Briefly speaking, there is a need to translate human rights into transgender rights. This can be achieved with the help of literature as it is also an important tool to sensitize and promote transgender rights in the society. The social system needs to take off their stigma and work towards accepting them as individuals as part of the society. To achieve this end, transgender rights need to be implemented in the society. Law and Literature together can pave the way for this social change. A Revathi's poetical lines in *A Life in Trans Activism* that sums their expectations from cisgenders, "We will continue to struggle, we ask not for your pity, only your understanding" suggests this unending struggle of transgenders to establish their gender identity.

**Laxmi Narayan Tripathi**



# മരം ഒരു വരം

നന്ദന സുജീന്ദ്രൻ

9 A



മരമെന്നത് നമ്മുടെ ലോകത്ത് നശിച്ചു കൊണ്ടിരിക്കുന്ന ഒരു അമൂല്യ വസ്തുവാണ്.
ഈ അമൂല്യ വസ്തു നമ്മുടെ അറിവോടു കൂടിയാണ് നശിപ്പിക്കുന്നത്.അവരവരുടെ സുഖത്തിനും ആർഭാടത്തിനും വേണ്ടി പ്രകൃതിയെ വേട്ടയാടി കൊണ്ടിരിക്കുകയാണ്.മരം മുറിക്കുമ്പോൾ ഉണ്ടാകുന്ന ദൂഷ്യഫലങ്ങൾ നമ്മൾ ചിന്തിക്കുന്നേയില്ല .ഓരോ മരങ്ങളും ഓരോ ജിവജാലങ്ങളുടേയും കേന്ദ്രങ്ങളാണ്.അത് കൊണ്ട് ഒരു മരം വെട്ടുമ്പോൾ പല ജീവനുകളാണ് നഷ്ടപ്പെടുന്നത്.

ഓരോ മരങ്ങളും പ്രകൃതിയുടെ ശുദ്ധീകരണ ശാലകളാണ്.അതിനാൽ അത് കഴിവതും മുറിക്കാതിരിക്കുക.മുറിക്കേണ്ട സാഹചര്യം ഉണ്ടായാൽ ഒരു മരത്തിനു പകരം പത്ത് മര് നട്ട് വളർത്തുക.അങ്ങനെ നമ്മുടെ വരും തലമുറകളെയും ഭൂമിയെയും രക്ഷിക്കാം.

മരം ഒരു വരമാണ് എന്ന് മനുഷ്യർ ചിന്തിക്കാതിരിക്കുമ്പോഴാണ് മരങ്ങളെ വെട്ടുവാൻ നമ്മുക്ക് മനസ്സ് വരുന്നത്.ഇങ്ങനെ മരങ്ങളെ ചെയ്താൽ നമ്മുടെ വരും തലമുറയ്ക്കു ബാക്കിയായ് ഒന്നും ഉണ്ടാവില്ല.

# ചിത്രങ്ങൾ

## കടത്തുകാരൻ

**നന്ദന**

10A



# കാനന ഭംഗി

**നന്ദന**

10A



# ഗ്രാമീണ ജീവിതം

**നന്ദന**

10A



ഭൂമിക

## പദസൂചിക


DNA Profile......19
Gene therapy......22
retread......10
splashes......9
മിത്രത്തെയും......5
അട്ടഹാസം......8
ജലാസനത്തിൽ......6
നൊമ്പരങ്ങൾ......8
മുറിപ്പാട്ടുകൾ......8
വിത്തുകോശം......22
സ്തുതിതൻ......5